**ഫാക്സ്**

**അടിയന്തിരം/സമയബന്ധിതം**

# കേരള സർക്കാർ

നം. ജി&പി.3/115/2018-ജവിവ.

ജലവിഭവ (ജി&പി) വകുപ്പ്,
തിരുവനന്തപുരം, തീയതി : 14/03/2018

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താക്കൾ

മാനേജിംഗ് ഡയറക്ടർ, കേരള ജല അതോറിറ്റി, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും, തിരുവനന്തപുരം.
ഡയറക്ടർ, ഭൂജല വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ജലനിധി, തിരുവനന്തപുരം

സർ/മാഡം,

വിഷയം: ജലവിഭവ വകുപ്പ് - സർവ്വീസിൽ നിന്നും വിരമിച്ചവരുടെ പുനർ നിയമനം - സംബന്ധിച്ച്.

സൂചന: 07-03-2018 ലെ പൊതുഭരണ (ഏകോപനം) വകുപ്പിന്റെ സി.ഡി.എൻ1/48/2018/ പൊ.ഭ.വ. നമ്പർ കുറിപ്പ്.

മേൽ വിഷയത്തിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സർവ്വീസിൽ നിന്നും വിരമിച്ചശേഷം പുനർനിയമനം/കൺസോളിഡേറ്റഡ് പേ/കോൺട്രാക്ട്, ഡെയിലി വേജ് തുടങ്ങിയ രീതിയിൽ സർക്കാർ വകുപ്പിൽ/പൊതുമേഖല/സ്വയംഭരണ/സർക്കാർ സ്ഥാപനങ്ങളിൽ നിയമിക്കപ്പെട്ട് ജോലിയിൽ തുടരുന്നവരുടെ വിശദാംശങ്ങൾ ശേഖരിച്ച് ലഭ്യമാക്കുവാൻ ബഹു.മുഖ്യമന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ താഴെപ്പറയുന്ന വിശദാംശങ്ങൾ ക്രോഡീകരിച്ച് **ഒരാഴ്ചയ്ക്കകം** ലഭ്യമാക്കുവാൻ താത്പര്യപ്പെടുന്നു. ബഹു.മുഖ്യമന്ത്രിയ്ക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതിനാൽ സമയപരിധി കൃത്യമായും പാലിക്കേണ്ടതാണ്.

1. നിലവിൽ ജോലി ചെയ്യുന്ന വകുപ്പ്/സ്ഥാപനം
2. പേര്
3. തസ്തിക
4. ശമ്പളം
5. റിട്ടയർ ചെയ്ത തീയതിയും, പ്രായവും

6. റിട്ടയർ ചെയ്യ്ത തസ്തിക
7. പുനർനിയമനം ആരംഭിച്ച തീയതി
8. തുടരാൻ അനുവദിക്കേണ്ടതുണ്ടോ എന്ന കാര്യത്തിൽ സ്ഥാപനമേധാവിയുടെ അഭിപ്രായം

വിശ്വസ്തതയോടെ,

**ലിസ്സി. കെ. ബി**
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കു വേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ